അംഗീകാരങ്ങളുടെ
നിറവിൽ
എൽഡിഎഫ് സർക്കാരിന്റെ
രണ്ടാം വാർഷികാഘോഷം
ഏപ്രിൽ – മെയ്

അക്ഷരാർഥത്തിൽ ചരിത്രം വഴിമാറുകയാണ് ... ഇതുവരെ സ്വപ്നം പോലും കാണാനാവാത്ത നേട്ടങ്ങൾ നമ്മുടെ കൺമുന്നിലെത്തുന്നു. തുടർ ഭരണമെന്ന ചരിത്രംരചിച്ചായിരുന്നു പിണറായി സർക്കാരിന്റെ രണ്ടാമൂഴത്തിന്റെ തുടക്കം. വീട് സ്വപ്നം കണ്ടവർ സ്വന്തം വീട്ടിലിരുന്ന് പുതിയ സ്വപ്നങ്ങളുടെ പിറകേ പോയി. കടലിന്റെ മക്കൾക്ക്, കേരളത്തിന്റെ സൈന്യത്തിന് യന്ത്രങ്ങളും ഉപകരണങ്ങളും വീടുമേകി. സ്വന്തം മണ്ണിനു വേണ്ടി നടന്ന് കാല് വെന്തവർ ഇന്ന് പട്ടയം സ്വന്തമാക്കി. കർഷകരെ നെഞ്ചോട് ചേർത്തു. വ്യവസായികൾക്ക് വാനോളം അവസരങ്ങൾ. ഉന്നത പഠനത്തിന് സാമ്പത്തിക സഹായവും വിദേശ അവസരങ്ങളും ആശുപത്രികളും പൊതു വിദ്യാലയങ്ങളും നേട്ടങ്ങളുടെ നെറുകയിൽ. ദേശീയ പാതയുൾപ്പടെ യാത്രാ സൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും ഏറ്റവും മികച്ച രീതിയിൽ ലഭ്യമാകുന്നു. അതേ വഴിമാറി നടക്കുകയാണ് കേരളം . രണ്ടാം പിണറായി സർക്കാർ വഴി കാട്ടുമ്പോൾ മലയാളം, ലോകത്തോളം വലുതാവുന്നു.

കിഫ്ബി മാജിക്

- 60,102.51 കോടി രൂപയുടെ 821 കിഫ്ബി പദ്ധതി
- 20,000 കോടിയുടെ ഭൂമി ഏറ്റെടുക്കൽ
- കെ ഫോണിൽ 14,000 ഗാർഹിക കണക്ഷൻ
- 315 കോടി രൂപയിൽ കൊച്ചിയിലെ ടെക്നോളജിക്കൽ ഇന്നൊവേഷൻ സോണും തിരുവനന്തപുരം ടെക്നോസിറ്റിയിൽ രണ്ടുലക്ഷം ചതുരശ്രയടി കെട്ടിടവും
- ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ 1469 കോടി രൂപയുടെ പ്രവൃത്തി
- ചെല്ലാനം തീരത്ത് പുതിയ കടൽഭിത്തിയും പുലിമുട്ടും
- തീരദേശ ഹൈവേ നിർമാണം അതിവേഗത്തിൽ
- പൊതു വിദ്യാഭ്യാസമേഖലയ്ക്ക് 2870 കോടി
- 860 സ്കൂൾ കെട്ടിടം നിർമാണ പുരോഗതിയിൽ. 288 കെട്ടിടം പൂർത്തീകരിച്ചു
- റോഡുകളും പാലങ്ങളും ഉൾപ്പെടെ മരാമത്തിന് 18,445 കോടി രൂപ. 4283 കോടിയുടെ പ്രവൃത്തി പൂർത്തിയായി

- സർക്കാരിന്റെ രണ്ടാം വാർഷികത്തിൽ കൈമാറിയത് 20,314 വീട്
- 67,000 എണ്ണം നിർമാണത്തിൽ
- തുടങ്ങുന്നത് 41,439 എണ്ണം
- മനസ്സോടിത്തിരി മണ്ണിൽ 23.49 ഏക്കർ

ലൈഫ് 3,42,284 സ്നേഹവീട്

എം വി പ്രദീപ്

തിരുവനന്തപുരം

തലചായ്ക്കാൻ സ്വന്തമായൊരു വീടെന്ന സ്വപ്നത്തിന് ചിറകുനൽകിയ ലൈഫിന്റെ തണലിൽ 3,42,284 കുടുംബങ്ങൾ. 67,000 വീടിന്റെ നിർമാണം വിവിധ ഘട്ടത്തിലാണ്. 29 ഭവന സമുച്ചയത്തിൽ കണ്ണൂർ കടമ്പൂർ– 44 ഫ്ലാറ്റ്, കോട്ടയം വിജയപുരം– 44 ഫ്ലാറ്റ്, ഇടുക്കി കരിമണ്ണൂർ– 42 ഫ്ലാറ്റ്, കൊല്ലം പുനലൂർ– 44 ഫ്ലാറ്റുകൾ കൈമാറി. 25 എണ്ണത്തിന്റെ നിർമാണം വിവിധ ഘട്ടത്തിലാണ്. സർക്കാരിന്റെ രണ്ടാം വാർഷികവുമായി ബന്ധപ്പെട്ട നൂറുദിന കർമപദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ 20,314 വീടും കൈമാറി. 41,439 വീടിന് കരാർ വച്ചു. ഭൂരഹിതർക്ക് വീടിനുള്ള 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയിൽ ഇതുവരെ 23.49 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 12.32 ഏക്കറിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി.

25 ഭവന സമുച്ചയം നിർമാണത്തിൽ

ആരോഗ്യം അതല്ലേ എല്ലാം

കൊച്ചി ക്യാൻസർ സെന്റർ ഈ വർഷം

ആർ ഹേമലത

കൊച്ചി

ആരോഗ്യകേരളത്തിന്റെ കുതിപ്പിന് നാഴികക്കല്ലായി കൊച്ചി ക്യാൻസർ റിസർച്ച് സെന്റർ (സിസിആർസി) ഒരുങ്ങുന്നു. ഉപകരണങ്ങൾ ഉൾപ്പെടെ 449 കോടി രൂപ ചെലവിട്ട് നിർമിക്കുന്ന സെന്റർ ഈ വർഷം നാടിന് സമർപ്പിക്കും. എറണാകുളം മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഇൻകെലിന്റെ നേതൃത്വത്തിലാണ് നിർമാണം പുരോഗമിക്കുന്നത്.

6.32 ലക്ഷം ചതുരശ്രയടിയിൽ നാല് ബ്ലോക്കിലായി എട്ടുനിലസമുച്ചയം പൂർത്തിയായി. 232 കിടക്കയിൽ ആദ്യ ഘട്ടത്തിൽ 100 കിടക്കയുണ്ടാകും. ഇറക്കുമതി ചെയ്യേണ്ടത് ഉൾപ്പെടെ 210 കോടി രൂപയുടെ ഉപകരണങ്ങൾക്കായി മെഡിക്കൽ സർവീസ് കോർപറേഷന് ടെൻഡർ സമർപ്പിച്ചു. 16 ലിഫ്റ്റുണ്ടാകും. ലിഫ്റ്റ് കേടായാൽ എല്ലാ നിലകളിലേക്കും രോഗിയെ ട്രോളിയിൽ എത്തിക്കാൻ റാമ്പും നിർമിക്കും.

12 ഓപ്പറേഷൻ തിയറ്റർ, ഐസിയു എന്നിവയും സജ്ജമാക്കുന്നു. നിലവിൽ എറണാകുളം ഗവ. മെഡിക്കൽ കോളേജ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

മുന്നേറാൻ മെഡിക്കൽ കോളേജ്

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഉണ്ടായത് പറഞ്ഞറിയിക്കാനാകാത്ത പുരോഗതി. രണ്ടു മെഡിക്കൽ കോളേജിനും രണ്ടു നഴ്സിങ് കോളേജിനും അനുമതി നേടി. 26 സ്പെഷ്യാലിറ്റി സീറ്റും ഒമ്പത് സൂപ്പർ സ്പെഷ്യാലിറ്റി സീറ്റിനും അനുമതി നേടി. 92 അധിക ബിഎസ്സി നഴ്സിങ് സീറ്റും. മെഡിക്കൽ രംഗത്തുമാത്രം 1330 സീറ്റ് വർധിപ്പിച്ചു.

അശ്വതി ജയശ്രീ

തിരുവനന്തപുരം മെഡിക്കൽ കോളേജ്

- എസ്എടി ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയ വിഭാഗം
- ആദ്യമായി എസ്എംഎ ക്ലിനിക് എസ്എടിയിൽ
- എസ്എടിയെ കേന്ദ്രം സെന്റർ ഓഫ് എക്സലൻസാക്കി
- 4.16 കോടി രൂപ ചെലവിൽ സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ്
- അർബുദ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ ലിനാക് പ്രവർത്തനം ആരംഭിച്ചു
- ആദ്യ പീഡിയാട്രിക് ഗ്യാസ്ട്രോ വിഭാഗം
- 100 ഐസിയു കിടക്കയുള്ള പ്രത്യേക ബ്ലോക്ക്

കൊല്ലം

- പിജി കോഴ്സ്, നഴ്സിങ് കോളേജ് ആരംഭിച്ചു
- കാത്ത് ലാബ്

കോന്നി

- 250 കോടി രൂപയുടെ വികസനം
- 100 സീറ്റുകളുടെ എംബിബിഎസ് കോഴ്സ്
- അത്യാധുനിക 128 സ്ലൈസ് സിടി സ്കാൻ
- പീഡിയാട്രിക് ഐസിയു

ആലപ്പുഴ

- 173 കോടി രൂപ മുതൽമുടക്കി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്ക, 50 ഐസിയു കിടക്ക
- 30 കോടി രൂപയ്ക്ക് അമ്മയും കുഞ്ഞും ആശുപത്രി

കോട്ടയം

- കേരളത്തിൽ ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമാക്കി
- ഹൃദയം തുറക്കാതെ വാൽവ് മാറ്റിവച്ചു
- 268 കോടിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- 10.71 കോടിയുടെ ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം

ഇടുക്കി

- പുതിയ കെട്ടിടം പൂർത്തീകരിച്ച് ഐപി ആരംഭിച്ചു
- നാഷണൽ മെഡിക്കൽ കമീഷന്റെ അനുമതി ലഭ്യമായി
- രണ്ടാംവർഷ കോഴ്സിനും അനുമതി

എറണാകുളം

- മാതൃശിശു സൂപ്പർ സ്പെഷ്യാലിറ്റി, എമർജൻസി ആൻഡ് ക്രിട്ടിക്കൽ കെയർ ബ്ലോക്ക്

തൃശൂർ

- എംആർഐ സ്കാനിങ് മെഷീൻ സ്ഥാപിക്കാൻ 6.91 കോടി
- എസ്തറ്റിക് ഡെർമറ്റോളജി സ്യൂട്ട്
- നിയോനാറ്റോളജി വിഭാഗം

മഞ്ചേരി

- പിജി കോഴ്സ് ആരംഭിച്ചു
- നഴ്സിങ് കോളേജ് ആരംഭിച്ചു
- ഐസിയു സംവിധാനം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കാന്റീൻ ബ്ലോക്ക്

കോഴിക്കോട്

- സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- നിയോനാറ്റോളജി വിഭാഗം
- ആദ്യ മദർ–ന്യൂബോൺ കെയർ യൂണിറ്റ്
- ലക്ഷ്യ അംഗീകാരം ലഭിച്ചു

കണ്ണൂർ

- നിലവിലുണ്ടായിരുന്ന ഡോക്ടർമാരെയും നഴ്സുമാരെയും സ്ഥിരപ്പെടുത്തി
- പ്ലാസ്റ്റിക് സർജറി വിഭാഗം
- ഹോസ്റ്റൽ നിർമാണത്തിന് 50.87 കോടി രൂപ
- നവീകരണ പ്രവർത്തനം ആരംഭിച്ചു

കാസർകോട്

- ഒപി ആരംഭിച്ചു
- ന്യൂറോ വിഭാഗം ഉൾപ്പെടെ സ്പെഷ്യാലിറ്റി ചികിത്സ
- ന്യൂറോളിജിസ്റ്റുകളുടെ സേവനം

വയനാട്

- കാത്ത് ലാബ്, മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം

ആറളത്തെ ആനകേറാമതിൽ

- 12 പേരുടെ ജീവനാണ് കാട്ടാനയെടുത്തത്
- 200 കോടി രൂപയുടെ വികസന പദ്ധതി

മനോഹരൻ കൈതപ്രം

ഇരിട്ടി

ഏഷ്യയിലെ ഏറ്റവും വലിയ ആദിവാസി പുനരധിവാസകേന്ദ്രമായ ആറളത്ത് 12 പേരുടെ ജീവനാണ് കാട്ടാനയെടുത്തത്. ഇതിന് പരിഹാരമായാണ് ഫാമിന് ചുറ്റും ആനമതിൽ വേണമെന്ന ആശയം ഉയർന്നത്. ഒന്നാം പിണറായി സർക്കാർ 22 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ച് നിർമാണം തുടങ്ങി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഏറ്റെടുത്ത കരാറിനെതിരെ യുഡിഎഫ് ഹൈക്കോടതിയെ സമീപിച്ചു. പദ്ധതി മുടങ്ങി. കാട്ടാനയുടെ ആക്രമണം വീണ്ടും തുടർന്നു. ഇതോടെയാണ് എല്ലാ പ്രതിബന്ധങ്ങളും നീക്കി മതിൽനിർമാണം സർക്കാർ പുനരാരംഭിക്കുന്നത്. 54 കോടി രൂപകൂടി ഇതിന് അനുവദിച്ചു. ഈ മാസം ടെൻഡർ ഉറപ്പിച്ച് നിർമാണം തുടങ്ങും. ഇതോടെ ഇരുനൂറ് കോടി രൂപയുടെ വികസന പദ്ധതി ഏഴു വർഷത്തിനുള്ളിൽ ഇവിടെ എത്തും. വളയഞ്ചാൽ, ഓടന്തോട് പ്രദേശത്ത് രണ്ട് വലിയ പാലം നിർമിക്കുന്നുണ്ട്. കെഎസ്ആർടിസിയുടെ ഗ്രാമവണ്ടി ഫാമിലെ വിദ്യാർഥികളുടെ യാത്ര ഉറപ്പാക്കുന്നുണ്ട്. 18 കോടി രൂപയുടെ കിഫ്ബി ഫണ്ടിൽ നിർമിച്ച മോഡൽ റസിഡൻഷ്യൽ സ്കൂൾ, പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റൽ, രണ്ട് എൽപി സ്കൂൾ കെട്ടിടം, അഞ്ച് സാംസ്കാരിക നിലയം എന്നിവയുടെ നിർമാണവും പൂർത്തിയാകുന്നു.

ആറളത്ത് 3500 കുടുംബത്തിന് ഒരേക്കർ വീതം കൃഷിഭൂമിയും വീട് വയ്ക്കാൻ 10 സെന്റ് സ്ഥലവുമാണുള്ളത്.